കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

28 (*148) ശ്രീ. എം. ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ജി. സുധാകരൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനവിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിലവിലുള്ള ഘടനയിൽ കേന്ദ്രസർക്കാർ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ നല്കാമോ ;

(ബി) നിലവിൽ സംസ്ഥാന വിഹിതം കൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ ;

(സി) ഇവയിൽ സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതുമൂലം അവതാളത്തിലായ പദ്ധതികൾ ഏതൊക്കെയാണെന്നറിയിക്കാമോ ;

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മാനദണ്ഡങ്ങൾ പ്രസ്തുത സാഹചര്യത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ എണ്ണം ബി.കെ ചതുർവേദി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 147-ൽ നിന്നും 66 എണ്ണമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. 14-ാം ധനാര്യ കമ്മീഷൻ റിപ്പോർട്ടിന്റെ തുടർച്ചയായി കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ടിംഗ് പാറ്റേണിൽ മാറ്റം വരുത്തുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ നടത്തിവരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനഃക്രമീകരണത്തിനും ഫണ്ടിംഗ് പാറ്റേണിന്റെ തീരുമാനത്തിനും മറ്റുമായി മുഖ്യമന്ത്രിമാരുടെ ഒരു സബ് ഗ്രൂപ്പ് മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നീതി ആയോഗിൽ രൂപീകരിച്ചിട്ടുണ്ട്.

(ബി) നിലവിൽ സംസ്ഥാന വിഹിതംകൂടി അടങ്ങുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാന വിഹിതത്തിന്റെ കൃത്യമായ നീക്കിയിരുപ്പ് നടത്താത്തതിനാൽ പദ്ധതികളുടെ നടത്തിപ്പിൽ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായിട്ടില്ല.

(ഡി) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പുനഃക്രമീകരണത്തിലും, ഫണ്ടിംഗ് പാറ്റേണിലും അന്തിമ തീരുമാനമായശേഷമേ പദ്ധതികളുടെ നടത്തിപ്പിനെ എങ്ങനെ ബാധിക്കുമെന്ന് വിലയിരുത്താൻ കഴിയുകയുള്ളൂ.

കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിലെ ജൈവകൃഷി

29 (*149) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഷാഹി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൃഷി മൃഗസംരക്ഷണ വകുപ്പുകളുടെ ഫാമുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുവാൻ ആസൂത്രണം ചെയ്തിരിക്കുന്ന കർമ്മ പദ്ധതികൾ വിശദമാക്കുമോ ;

(ബി) ഇതിനായി പ്രസ്തുത ഫാമുകളിൽ പശുവളർത്തൽ കേന്ദ്രങ്ങൾ തുടങ്ങുന്ന കാര്യം പരിഗണയിലുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത ഫാമുകളിൽ ജൈവ വളങ്ങളും ജൈവ കീടനാശിനികളും മാത്രം ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പാക്കാനായി നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) കൃഷി വകുപ്പിന്റെ ഫാമുകളിൽ ജൈവ കൃഷിരീതിക്ക് മുൻഗണന നൽകിക്കൊണ്ടുള്ള കൃഷി രീതികളാണ് അവലംബിച്ചിട്ടുള്ളത്. ഇതിന് അനുബന്ധമായി എല്ലാ ഫാമുകളിലും ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കാനായി പശു വളർത്തൽ യൂണിറ്റുകൾ, ആടുവളർത്തൽ, പൗൾട്രി യൂണിറ്റുകൾ, മണ്ണിരകമ്പോസ്റ്റ് യൂണിറ്റുകൾ എന്നിവ പ്രവർത്തിച്ചു വരുന്നു. മൃഗസംരക്ഷണ വകുപ്പിലെ പശുവളർത്തൽ ഫാമുകളിൽ

LIBRARY ARCHIVES Kerala Legislative Assembly